LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് ആക്ട് പരിഷ്കരണം

321(1306) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്പോർട്സ് ആക്ട് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും 'എല്ലാവർക്കും ആരോഗ്യം' എന്ന ആശയം വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം വിഭാവനം ചെയ്തിരുന്നു. 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലും 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും നിലവിൽ വരികയുണ്ടായി. 2018-ലെ 37-ാമത് ആക്ട് പ്രകാരം 2000-ലെ കേരള സ്പോർട്സ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

വഖഫ് ബോർഡിന് പ്രത്യേക സാമ്പത്തിക പാക്കേജ്

322(1307) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ വഖഫ് ബോർഡിന്റെ പ്രവർത്തനത്തിനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) വഖഫ് ബോർഡിന് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് ബോർഡ് അംഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

&

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ വഖഫ് ബോർഡിന് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് ബോർഡ് അംഗങ്ങൾ സർക്കാരിൽ ആവശ്യപ്പെട്ടിട്ടില്ല.